Week - 1

# Weekly Devotion - 2017 March

## The flourishing tent of the up right

## (നീതിമാന്റെ തഴെക്കുന്ന കൂടാരം)




ഒരിക്കൽ ഒരു ധനികൻ പുഴയോരത്തുള്ള ഒരു വിശ്രമകേന്ദ്രത്തിൽ തന്റെ ഭാരിച്ച ചുമതലകളിൽ നിന്ന് വിട്ടുനില്ക്കുവാനായി താമസത്തിനെത്തി. സമാധാനം സന്തോഷം ഇവ ചുമതലകളിൽ നിന്ന് വിട്ടുനിന്നാൽ ലഭിക്കുമെന്ന് കരുതിയത് തെറ്റാണെന്ന് അദ്ദേഹം താമസിയാതെ മനസ്സിലാക്കി. സമാധാനം തേടി വിശ്രമകേന്ദ്രത്തിലെത്തിയ ആൾ തന്റെ ബിസ്സിനസ്സിനെയും സമ്പാദ്യത്തെയും പറ്റി ചിന്തിച്ച് സമാധാനം നഷ്ടമാക്കി. അതിരാവിലെ പുഴയോരത്തു കൂടി നടന്ന മുതലാളി ഒരു പാവപ്പെട്ടവൻ മീൻ പിടിക്കുന്നതു കണ്ടു. ഉച്ചയ്ക്ക് മരച്ചുവട്ടിൽ കിടന്ന് ഒരുവൻ പാട്ടു പാടുന്നത് കണ്ട് അയാളുടെ അടുത്ത് ചെന്നു. നിങ്ങളാണോ രാവിലെ ഇവിടെയിരുന്ന് മീൻ പിടിച്ചത്, നിങ്ങൾ എന്തിനാ പാടുന്നത്, സന്തോഷത്തിന്റെ കാരണം എന്താണ് ? എന്ന് ചോദിച്ചു. അതേ ഞാൻ തന്നെയാണ് മീൻ പിടിച്ചത് ഇന്ന് കുടുംബത്തിന്റെ ആവശ്യം നിറവേറ്റുവാനുള്ള തുകയ്ക്ക് മീൻ തന്നതിന് ഞാൻ ഈശ്വരനോട് നന്ദി പറയുകയാണ്.

സഹോദരാ പകലിന് ഇനിസമയമുണ്ടല്ലോ, കൂടുതൽ മീൻ പിടിച്ചാൽ കൂടുതൽ പണം ലഭിക്കുമല്ലോ എന്ന് മുതലാളിയുടെ ചോദ്യത്തിന്, എന്റെ കുടുംബത്തിന് അത് (പണം) സന്തോഷവും, സമാധാനവും ഇപ്പോഴുള്ളതുപോലെ തരുമോ എന്ന് മറുചോദ്യം ചോദിച്ചപ്പോൾ അദ്ദേഹത്തിന് മറു

പടി ഇല്ലാതായി പക്ഷേ ഒരുകാര്യം അദ്ദേഹം പഠിച്ചു മനുഷ്യർക്ക് പണം സമാധാനം നൽകുകയില്ല എന്ന്.

നീതിമാന്റെ കൂടാരം തഴെയ്ക്കുന്നു എന്ന് സദൃ: (14:11) കാണുന്നു. ഇയ്യോബ് നീതിമാനെന്ന് യഹോവ തന്നെ സാക്ഷിക്കുന്നു (Job:1:8) കൂടാരം അനുഗ്രഹിക്കപ്പെട്ടതാകുവാൻ നാം എന്തു ചെയ്യണമെന്ന് നമുക്ക് ചിന്തിയ്ക്കാം. ഇയ്യോബ് (29:4) ൽ " എന്റെ കൂടാരത്തിന് ദൈവത്തിന്റെ സഖ്യത ഉണ്ടായിരിക്കയും, സർവ്വശക്തൻ എന്നോടുകൂടെ വസിക്കയും" ചെയ്യുന്നു എന്ന് കാണുന്നു. അതായത് നീതിമാൻ താൻ ഒരു കൂടാരവാസി എന്നും ഇവിടെയുള്ളതൊന്നും നിത്യമല്ല എന്നും അറിയുന്നു.

കൂടാരത്തിലെ അന്തേവാസികളെല്ലാം ദൈവത്തോട് സഖ്യതയുള്ളവർ ആയിരിയിക്കും. ഈ കൂടാരത്തിലെ പ്രധാനവ്യക്തി പിതാവാണ്. ഇദ്ദേഹം നീതിമാനാകയാൽ മേത്തരമായ നാവ് കൊണ്ട് പറയുന്ന വാക്കുകൾ മേത്തരമായ വെള്ളി പോലെ വിലയുള്ളതാണ്. നീതിമാൻ തന്റെ വായുടെ ഫലത്താൽ നന്മയനുഭവിക്കുന്നു. ഇദ്ദേഹത്തിന്റെ കരം ഉത്സാഹികളുടെ പ്രവർത്തി ചെയ്യുന്നതിനാൽ, പ്രവർത്തിയുടെ ഫലവും ലഭിയ്ക്കുന്നു. ഇദ്ദേഹം നല്ല സാക്ഷ്യമുള്ളവനും ദൈവ ഭക്തനുമാണ്. കൈസര്യ്യയിലെ കൊർന്നല്യോസിന്റെ ഭവനം ഇതിനുദാഹരണമാണ്. (അപ്പോ :10:2,22)

കൂടാരത്തിലെ അടുത്ത വ്യക്തി വീട്ടുടയവനു ലഭിച്ചതക്കതുണയാണ്. എല്ലാസ്ത്രീകളും തക്കതുണകളോ, എല്ലാഭാര്യമാരും നല്ല അമ്മമാരോ ആകുന്നില്ല തക്കതുണ മാത്രമേ ഒരു നല്ല ഭാര്യയും, നല്ല അമ്മയും ആകുന്നുള്ളു. അവൾ നന്നാ രാവിലെ എഴുന്നേറ്റ് തന്റെ കുടുംബത്തിനായി കരുതുന്നു. ഇവളുടെ വിളക്ക് രാത്രിയിൽ കെടുന്നില്ല, ഇവളുടെ മക്കൾ അമ്മയെ ഭാഗ്യവതി എന്ന് പുകഴ്ത്തുന്നു. ജ്ഞാനത്തോടെ വായ് തുറക്കുന്ന ഈ യഹോവഭക്തിയുള്ള സ്ത്രീ പ്രശംസിക്കപ്പെടുകയും ചെയ്യുന്നു. (സദൃ:31)

ഇപ്രകാരമുള്ള ആളുകൾ ഒന്നിച്ചുവസിക്കുന്നതാണ് നീതിമാന്റെ കൂടാരം സകലഗൃഹത്തോടും കൂടെ ഉയർത്തുന്ന പ്രാർത്ഥനയാലാണ് ഇവർ മേൽക്കൂരതീർക്കുന്നത്. മേൽക്കൂരയുള്ള വീട്ടിൽ യേശു ഉണ്ട്. ഇതിനുദാഹരണമാണ് കഫർന്നഹൂമിലെ വീട് (മർക്കോ:2: 1-12) മേൽക്കൂരയുള്ള കൊർന്നല്യോസിന്റെ വീട്ടിൽ നിന്നുയർന്ന് പ്രാർത്ഥന യഹോവ കേട്ടു, കുടുംബത്തിലെ എല്ലാ അംഗങ്ങളും ദൈവവുമായി സഖിത്വമുള്ളവരായിരുന്നു. കഫർന്നഹൂമിലെ വീട്ടിൽ യേശു ഉണ്ടെന്ന ശ്രുതി അനേകരെ അവിടെ എത്തിച്ചു. ആ കുടുംബനാഥനും, തക്കതുണയായ സ്ത്രീയും അനേകർ വന്നുകൂടുമ്പോൾ ഭവനത്തിനുണ്ടാകുന്ന കുഴപ്പങ്ങളെ പറ്റിയല്ല ചിന്തിച്ചത്. നഷ്ടത്തെ മറന്ന അവർ യേശു വീട്ടിലുണ്ടെന്നുള്ളതാണ് ലാഭമായി കണ്ടത്. പക്ഷവാതക്കാരനുമായി വന്ന നാലുപേർ മേൽക്കൂരപൊളിച്ചതിലും അവർക്ക് വിഷമമില്ല. അവരുടെ നഷ്ടത്തേക്കാൾ മറ്റൊരുവന്റെ സന്തോഷ

മാണ് അവർ ശ്രദ്ധിച്ചത് ഇവരെ ഒന്ന് ശ്രദ്ധിക്കുക. മേൽക്കൂരപൊളിച്ചത് എവിടെ? അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽപ്പുരപൊളിച്ചു ,തുറന്നു എന്ന് മർക്കോസ് (2:4) ൽ കാണുന്നു, അതാണ് ശരിയായത്. അതുകൊണ്ടാണ് വിടുതൽ ലഭിച്ചത്. നമ്മുടെ ഉത്തരം കിട്ടാത്ത വിഷയങ്ങളെ ഇറക്കി വയ്ക്കുമ്പോൾ ഓർക്കുക, ശ്രദ്ധിയ്ക്കുക യേശു ഉള്ളിടമാണോ അവിടം എന്ന് ?

നമ്മുടെ ഭൗമീക പാർപ്പിടത്തിന് മേൽക്കൂരയില്ലെങ്കിൽ, പൊടിപടലങ്ങളും, വെയിലും, മഴയും, മഞ്ഞും എല്ലാം നമുക്കു പ്രശ്നമാകുന്നു. ദുഷ്ടന്മാർ രാത്രിയുടെ മറവിൽ ഉപദ്രവമാകുന്നു. അതുപോലെ പ്രാർത്ഥനയാകുന്ന മേൽക്കൂര ഉയർത്തിയില്ലെങ്കിൽ പിശാച് പാപത്തിന്റെ സകല ഉപദ്രവങ്ങളുമായിവരും. നേരുള്ളവന്റെ പ്രാർത്ഥന യഹോവയ്ക്ക് പ്രസാദമാകുന്നു കൂടാതെ അനേക നിക്ഷേപങ്ങളാൽ കൂടാരത്തെ അവൻ അനുഗ്രഹിക്കുകയും ചെയ്യുന്നു. നമ്മുടെ കൂടാരം എപ്രകാരമുള്ളത്, യഹോവയോട് സഖിത്തമുള്ളതോ? അപ്രകാരമായിത്തീരുവാൻ ദൈവം കൃപചെയ്യട്ടെ.

<u>**പ്രാർത്ഥന**</u>

തിരുമുമ്പിൽ കഴിയ്ക്കുന്ന പ്രാർത്ഥനയ്ക്ക് ഉത്തരം തരുന്ന ദൈവമേ, അങ്ങയെ ഞങ്ങൾ സ്നേഹിക്കുന്നു. കൂടാരമായ ഞങ്ങളുടെ ഭൗമഭവനം യഹോവയുള്ളതെന്ന് ശ്രുതി പരത്തുന്നതാകുവാൻ ഞങ്ങളെ അനുവദിക്കേണമേ. നീതിമാന്റെ കൂടാരമായി, തഴെയ്ക്കപ്പെട്ട ഭവനമായിത്തീരുവാൻ അവിടുന്നിടയാക്കേമേ.

ആമേൻ

**<u>Santhamma Varghese</u>**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com

Facebook: https://www.facebook.com/biblestudyind